

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഓരോ കുട്ടിയും മികവിലേക്ക്




പി.പി.ടി.എസ്. എ.എൽ. പി. സ്കൂൾ
കാഞ്ഞങ്ങാട് കടപ്പുറം.
ഹൊസ്ദുർഗ്
കാസർഗോഡ്

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

2025- 26

## ഓരോ കുട്ടിയും മികവിലേക്ക്

പി.പി.ടി.എസ്. എ.എൽ.പി സ്കൂൾ
കാഞ്ഞങ്ങാട് കടപ്പുറം
ഹൊസ്ദുർഗ്ഗ് , കാസറഗോഡ്

ആമുഖം

## പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നത് കുട്ടികളുടെ അവകാശമാണ്. മികവ് എന്നത് അക്കാദമിക മികവാണ്. ഈ കാര്യത്തിൽ മുന്നേറാനുള്ള വഴികാട്ടിയായി നാം തയ്യാറാക്കുന്നവയാണ് അക്കാദമിക മാസ്റ്റർ പ്ലാനുകൾ. ഓരോ കുട്ടിയും അതത് ക്ലാസിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ ആർജിച്ചു മുന്നേറാനായി 'സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി' വിഭാവനം ചെയ്യുന്നു.

കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക, ബൗദ്ധിക, മാനസിക . വൈകാരിക, സാമൂഹിക ഘടക വികാസമഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് ലക്ഷ്യം വയ്ക്കുന്നത്. കുട്ടികൾക്ക് അവർ ആർജ്ജിക്കുന്ന കഴിവ് ജീവിതത്തിൽ ആവശ്യാനുസരണം പ്രയോഗിക്കാനുമുള്ള കഴിവും നേടണം.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും, എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നു.

സജീവമായി എല്ലാ പ്രവർത്തനത്തേയും ഏറ്റെടുക്കുന്ന പി.ടി.എ, എം.പി.ടി.എ, അധ്യാപക സംഘം, മാനേജ്മെന്റ്, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ അധ്യയന വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന പ്രതിജ്ഞയോടെ ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.

വിദ്യാലയത്തെ ഇനിയും ഉയരങ്ങളിലെത്തിക്കാനും അതോടൊപ്പം സമൂഹത്തിന്റെ പുരോഗതിയിലേക്ക് പുതിയ കുരുന്നുകളെ, മികച്ച പൗരന്മാരാക്കി വളർത്തിയെടുക്കാനും ഉദ്ദേശിച്ചിട്ടുള്ള ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്നതിനാൽ അഭിമാനത്തോടെ സമർപ്പിക്കുന്നു.

ഹെഡ്മാസ്റ്റർ
പി.ടി.എ. പ്രസിഡന്റ്
എം.പി.ടി.എ പ്രസിഡന്റ്

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ പ്രവേശനം നേടിയ, ഓരോ കുട്ടിയും അതാത് ക്ലാസിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തൽ
* എല്ലാ കുട്ടികളും ഭാഷ, (അറബി, മലയാളം, ഇംഗ്ലീഷ്) ഗണിതം എന്നിവയിൽ അടിസ്ഥാന ശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തൽ
* കുട്ടികളിലെ കഴിവ്, അഭിരുചി, സർഗാത്മകത എന്നിവ വളർത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹനം , പരിശീലനം എന്നിവ നൽകുക
* വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയത്തിനുതകുന്ന അറിവു നിർമ്മാണ ഇടമായി ഒരുക്കൽ
* ആധുനിക സാങ്കേതിക വിദ്യാ പരിശീലനം, അധ്യാപകർക്കു നൽകി, അവ മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഒരുക്കുന്നതിനായി ഉപയോഗപ്പെടുത്തൽ
* വായന ഒരു ശീലവും സംസ്കാരവുമായി രൂപപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ
* മാലിന്യമുക്ത വിദ്യാലയം, സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം എന്നിവ ഉറപ്പു വരുത്തൽ
* കൃഷി. ജൈവവൈവിധ്യപാർക്ക്, ശലഭോദ്യാനം എന്നിവ പ്രോത്സാഹിപ്പിക്കൽ- വിവിധ ക്ലബ്ബുകളുടെ  പങ്കാളിത്തം ഉറപ്പാക്കൽ
* ലഹരിക്കെതിരെയുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കൽ

## അക്കാദമിക ഭൗതിക നേട്ടങ്ങൾ, പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| * അക്കാദമിക് പ്രവർത്തനങ്ങൾ മികവുറ്റ രീതിയിൽ സംഘിപ്പിക്കുന്ന അധ്യാപ കൂട്ടം<br>* ശിശുസൗഹൃദ വിദ്യാലയം, മികച്ച കെട്ടിട സമുച്ചയം<br>* ആധുനികവൽക്കരിച്ച കമ്പ്യൂട്ടർ ലാബ്, അസംബ്ലി ഹാൾ, ഡൈനിംഗ് ഹാൾ. അടുക്കള കുടിവെള്ള സൗകര്യങ്ങൾ എന്നിവ<br>* കലാപഠനം, കായികപഠനം, പ്രവൃത്തിപരിചയം എന്നിവയ്ക്ക് പരിശീലനങ്ങൾ<br>* പഠനപിന്തുണയ്ക്കായി പ്രത്യേക പ്രവർത്തനങ്ങൾ<br>* പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ മികവുറ്റ രീതിയിൽ നടപ്പാക്കൽ<br>* പ്രകൃതിയെ അറിയൽ, കൃഷി എന്നിവയ്ക്ക് പ്രാധാന്യം | * മുഴുവൻ കുട്ടികൾക്കും, ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല<br>* ലാബ്, ലൈബ്രറി എന്നിവ മെച്ചപ്പെടാനുണ്ട്<br>* മികച്ച വായനക്കാരനെ കണ്ടെത്താൻ മത്സരം സംഘടിപ്പിക്കാറുണ്ടെങ്കിലും എല്ലാ കുട്ടികളിലും വായന ഉറപ്പിക്കാൻ/എത്തിക്കാൻ സാധിക്കാറില്ല<br>* മത്സര പരീക്ഷകളിലെ വിജയികളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കേണ്ടതുണ്ട്.<br>* പഠന പിന്തുണാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. |

## ലക്ഷ്യങ്ങൾ - ഭാഷ

1) എല്ലാ കുട്ടികളേയും ആശയഗ്രഹണത്തോടെ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്ത രാക്കുക
2) കുട്ടികളിൽ സാഹിത്യ അഭിരുചി, സർഗാത്മ രചനാശേഷി എന്നിവ വളർത്തുക
3) വിവിധ ആശയവിനിമയശേഷി കൈവരിക്കുന്നതിൽ പ്രാപ്തരാക്കുക
4) ആശയങ്ങൾ വിവിധ ഭാഷാരൂപങ്ങളിൽ വായിച്ചും എഴുതിയും പ്രകടിപ്പിക്കുന്നതിനുള്ള ശേഷി കൈവരിക്കുക
5) മികച്ച വായനക്കാരാക്കുക

## ഇംഗ്ലീഷ്

1) ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക
2) സ്വതന്ത്ര വായനക്കാരും ലേഖനത്തിനുമുള്ള ശേഷി നേടൽ
3) സാങ്കേതികവിദ്യാ സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പഠനാനുഭവങ്ങൾ ഒരുക്കൽ
4) സർഗാത്മക ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക

## പരിസര പഠനം

1) ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാഭിരുചി, ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക
2) ശസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക
3) ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജീകരിക്കുക
4) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക

**ഗണിതം**

1) അടിസ്ഥാന ഗണിതശേഷികൾ ഉറപ്പുവരുത്തുക
2) ഗണന ചിന്ത, വിശകലനശേഷി, പ്രായോഗിക പ്രശ്നനിർധാരണ ശേഷി എന്നിവ നേടി എന്നുറപ്പാക്കുക
3) ജീവിതവുമായി ബന്ധിപ്പിച്ച് ഗണിതപഠന സന്ദർഭങ്ങൾ ഒരുക്കുക

**ICI** സാധ്യത

1) കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കൽ
2) അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ പരമാവധി സാധ്യതകൾ ഉപയോഗപ്പെടുത്തുക

**പ്രവൃത്തിപരിചയം, കലാപഠനം, ആരോഗ്യകായിക വിദ്യാഭ്യാസം**

1) നിർമ്മാണാത്മ കഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക
2) വിവിധ വിഷയങ്ങളുമായി, പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിച്ചുള്ള പഠനാനുഭവമൊരുക്കുക
3. കുട്ടികളിലെ സർഗാത്മ കഴിവുകൾസ കലാഭിരുചി എന്നിവ വളർത്തുന്നതിനുള്ള വേദികൾ, പരിശീലനങ്ങൾ എന്നിവ ഒരുക്കുക
4) എല്ലാ കുട്ടികളിലും കായികക്ഷമത, ആരോഗ്യശീലങ്ങൾ, ലഹരിക്കെതിരെയുള്ള മനോഭാവം എന്നിവ വളർത്തുക.

പ്രവർത്തനങ്ങൾ : പുസ്തകച്ചങ്ങാതി

ഉപമേഖല: വായന, ലേഖനം, സർഗ്ഗാത്മകത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തൽ | പുസ്തകങ്ങൾ പ്രദർശിപ്പിക്കൽ, പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |
| 2. മികച്ച വായനാശീലം വളർത്തൽ | ക്ലാസ്സ് ലൈബ്രറി ശക്തമാക്കൽ, പിറന്നാൾ പുസ്തകത്തിലൂടെ പുസ്തക ശേഖരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| 3. അർത്ഥപൂർണമായി വായിക്കൽ | ആകാശവാണിയിലൂടെ വിവിധ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 4. | റീഡേഴ്സ് തീയേറ്റർ | ക്ലാസ്സ് റൂം പ്രക്രിയകളിൽ പരമാവധി സാധ്യത ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | റീഡേഴ്സ് ക്ലബ്ബ് | |
| 5) | എല്ലാ കുട്ടികളേയും ആശയഗ്രഹണത്തോടെ അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | ഒരു മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച രചനകൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ്തല കയ്യെഴുത്ത് മാസിക തയ്യാറാക്കൽ അസംബ്ലിയിൽ അവതരണം | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാരംഗം ക്ലാസ് ടീച്ചർ | |
| 6) | ആത്മവിശ്വാസത്തോടെയുള്ള വിവിധ അവതരണ സന്ദർഭങ്ങൾ ഒരുക്കൽ | കുട്ടികളുടെ റോൾപ്ലേ, കഥ, കവിത, പ്രസംഗം തുടങ്ങി വിവിധ ഭാഷാരൂപങ്ങളുടെ അവതരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ വിദ്യാരംഗം | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 7. അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | എല്ലാ ക്ലാസ്സിലും ഗണിത മൂലകൾ സജ്ജീകരിച്ച് (മഞ്ചാടി, കളിനോട്ട്, കാർഡുകൾ) പഠനാനുഭവങ്ങൾ ഒരുക്കൽ, ഗണിതലാബ് വിപുലീകരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| 5) " " | ഗണിതത്തിൽ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പ്രവർത്തന പദ്ധതി തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| 6) ജീവിതവുമായി ബന്ധിപ്പിച്ച് ഗണിത പഠന സന്ദർഭങ്ങൾ ഒരുക്കൽ | പ്രായോഗിക പ്രശ്നങ്ങൾ ഒരുക്കൽ, ശില്പശാല, ക്യാമ്പ്, ഗണിതകളികൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | മാത്സ് ക്ലബ്ബ് ക്ലാസ് ടീച്ചർ | |

പരിസര പഠനം

പ്രവർത്തനങ്ങൾ

ഉപമേഖലകൾ : ലാബ്, ശാസ്ത്രമൂല, പരീക്ഷണക്കളരി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കൽ | ക്ലാസ്സ് പ്രവർത്തനാനുഭവങ്ങളുമായി ബന്ധിപ്പിച്ച് പരീക്ഷണം, നിരീക്ഷണം, ഫീൽഡ്ട്രിപ്പ് എന്നിവ സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

ഇംഗ്ലീഷ് പ്രവർത്തനങ്ങൾ
Excellent in English

ഉപമേഖലകൾ : ലേഖനം, പ്രകടനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. സർഗ്ഗാത്മക ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | മാസത്തിൽ ഒരു തവണ ഇംഗ്ലീഷ് അസംബ്ലി അവതരണം (Prayer, Pledge, diary, news etc ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങളും | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| 2. സ്വന്തം ആശയങ്ങൾ വികാരങ്ങൾ എന്നിവ ഇംഗ്ലീഷിൽ എഴുതി ഫലിപ്പിക്കുന്നതിന് | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീശ് ഡയറി എഴുതുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |

ഗണിതം

പ്രവർത്തനങ്ങൾ

ഗണിതം മധുരം

ഉപമേഖലകൾ : ഗണിത കേളി, ഗണിത ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശസ്ത്ര ലാബ് സജ്ജീകരിക്കൽ | ശാസ്ത്രപഠനം മികവിലേക്കെത്തുന്നതിന് ശാസ്ത്രലാബ് വികസിപ്പിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് | സയൻസ് ക്ലബ്ബ് | |

പ്രവൃത്തിപരിചയം, കലാപഠനം, ആരോഗ്യ കായിക വിദ്യാഭ്യാസം

ഉപമേഖല : നിർമ്മാണ കഴിവുകൾ, പ്രകടന വേദികൾ, കായികാരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ളകഴിവുകൾ കുട്ടികളിൽ വികസിപ്പിക്കുക | പ്രവൃത്തി പരിചയ ബന്ധങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ ശില്പശാല സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| കലാഭിരുചി സർഗാത്മക കഴിവ് എന്നിവ വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ<br><br>മാസത്തിൽ ഒരു തവണ ബാലസഭ സ്കൂൾ ആകാശവാണി | എല്ലാ ആഴ്ചയിലും ജൂൺ റ്റു മാർച്ച് | | |
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക | സുംബ മാസ്ഡ്രിൽ എന്നിവ പരിശീലിപ്പിക്കൽ | എല്ലാ ആഴ്ചയിലും | സ്പോർട്സ് ക്ലബ്ബ്, ക്ലാസ്സ് ടീച്ചർ | |

സ്കൂൾ അറിവു നിർമ്മാണ ഇടം

പ്രവർത്തനങ്ങൾ

ഉപമേഖല : കൃഷി, ജൈവവൈവിധ്യ പാർക്ക്, ശലഭോദ്യാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സമൂഹത്തിലും വ്യക്തി ജീവിതത്തിലും കാർഷിക പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടൽ | പച്ചക്കറിത്തോട്ട നിർമ്മാണം<br>ചെണ്ടുമല്ലി കൃഷി<br>ജൈവ വൈവിധ്യപാർക്ക് വിപുലീകരിക്കൽ<br>ശലഭോദ്യാനം നിർമ്മിക്കൽ | ജൂൺ മുതൽ മാർച്ച് | വിവിധ ക്ലബ്ബുകൾ | |

## നിർവ്വഹണ ചുമതല

| | |
|---|---|
| പി. രാജീവൻ (ഹെഡ്മാസ്റ്റർ ) | ശില്പ |
| സുജ അത്തിക്കൽ (സീനിയർ അസിസ്റ്റന്റ്) | സതി |
| ബിന്ദു കെ.ടി.വി | നീതു |
| ഷീജ. കെ | രേഷ്മ |
| സ്വപ്ന കെ | നമിത |
| ഷീജ. പി | തേജസ്വി |
| ശ്രുതി എൻ | അബ്ദുൾ ഷെരീഫ് |
| താഹിറ പി.കെ | റസീന എൻ.കെ |
| അനൂപ് കുമാർ ടി.വി | ആയിഷ |
| അശ്വതി കെ.വി | റഷീദ |
| നിത്യ | റൈഹാനത്ത് |
| | അഫ്സീന |

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | പി.പി.ടി.എസ്.എ.എൽ.പി സ്കൂൾ |
| മേൽവിലാസം | : | കാഞ്ഞങ്ങാട് കടപ്പുറം<br>കാഞ്ഞങ്ങാട് പി.ഒ<br>കാസർഗോഡ് ജില്ല - 671315 |
| ഫോൺ | : | 0467 2201838 |
| സ്കൂൾ കോഡ് | : | 12324 |
| വിദ്യാഭ്യാസ ഉപജില്ല | : | ഹോസ്ദുർഗ്ഗ് |
| വിദ്യാഭ്യാസ ജില്ല | : | കാഞ്ഞങ്ങാട് |
| റവന്യു ജില്ല | : | കാസർഗോഡ് |
| ബി.ആർ.സി | : | ഹോസ്ദുർഗ്ഗ് |
| മുൻസിപ്പാലിറ്റി | : | കാഞ്ഞങ്ങാട് |
| ഇമെയിൽ വിലാസം | : | 12324pptsalps@gmail.com |
| സ്കൂൾ വിക്കി | : | Schoolwiki.in/12324 |

# പി.പി.ടി.എസ്.എ.എൽ.പി സ്കൂൾ
# കാഞ്ഞങ്ങാട് കടപ്പുറം

1976 ൽ കാഞ്ഞങ്ങാട് കടപ്പുറം മഹല്ല് ജുമാഅത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാലയം ആരംഭിച്ചു. കാഞ്ഞങ്ങാട് കടപ്പുറം അന്ന് സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശമായിരുന്നു. അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ബഹു. സി.എച്ച്. മുഹമ്മദ് കോയ അനുവദിച്ചു തന്ന മഹനീയ സ്ഥാപനമാണ് പാണക്കാട് പൂക്കോയ തങ്ങൾ സ്മാരക എ.എൽ.പി സ്കൂൾ ഇന്ന് ജില്ലയിൽ അറിയപ്പെടുന്ന വിദ്യാലയമായി നമ്മുടെ വിദ്യാലയം മാറി കഴിഞ്ഞു.

പത്മിനി ടീച്ചർ, നാരായണി ടീച്ചർ എന്നിവരും ഈ സ്കൂളിന്റെ വളർച്ചയിൽ പ്രധാന പങ്ക് വഹിച്ച പ്രധാനാധ്യാപകരാണ്. ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ പി. രാജീവൻ മാസ്റ്ററാണ്.

സമീപ പ്രദേശങ്ങളിലെ പല വിദ്യാലയങ്ങളേയും പിന്നിലാക്കുന്ന തരത്തിൽ ഉന്നതമായ ഭൗതിക സൗകര്യങ്ങളാണ് സ്കൂളിൽ ഒരുക്കിയിട്ടുള്ളത്. ശിശു സൗഹൃദ ക്ലാസ് മുറികളും, വിശാല മായ കളിസ്ഥലം, ഉല്ലാസപാർക്ക്, അസംബ്ലി ഹാൾ, കമ്പ്യൂട്ടർ ലാബ്, ഡൈനിംഗ് ഹാൾ തുടങ്ങിയവ സ്കൂളിൽ ഒരുക്കിയിട്ടുണ്ട്.

സ്കൂളിൽ എല്ലാ പ്രവർത്തനങ്ങളിലും സജീവ പിന്തുണ നൽകുന്ന മാനേജ്മെന്റും, പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ നാട്ടുകാരും പൂർവ്വവിദ്യാർത്ഥികളും അകമഴിഞ്ഞ പിന്തുണ നൽകുന്നു വെന്നത് സന്തോഷകരമാണ് .